**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - പന്ന്യന്നൂർ ഗ്രാമപഞ്ചായത്ത് - 2007-08 വർഷ ലോക്കൽ ഫണ്ട് ഓഡിറ്റ് റിപ്പോർട്ട് - ഖണ്ഡിക 3-4 - സാധൂകരണം നല്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

## തദ്ദേശ സ്വയംഭരണ (എബി) വകുപ്പ്

ജി.ഒ (ആർ.ടി) നം. 1314/13/തസ്വഭവ. തിരുവനന്തപുരം,തീയതി: 18/05/2013

---

പരാമർശം:- 1) പഞ്ചായത്ത് ഡയറക്ടറുടെ 28/11/2012-ലെ എം3-32599/12 നമ്പർ കത്ത്

2) ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ 15/03/2013-ലെ എൽ.എഫ്.പി.റ്റി3/26489/12(1) നമ്പർ കത്ത്.

# ഉത്തരവ്

കണ്ണൂർ ജില്ലയിലെ പന്ന്യന്നൂർ ഗ്രാമപഞ്ചായത്തിന്റെ 2007-08 വർഷ ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 3-4 പ്രകാരം ചോതാവൂർ ഹൈസ്കൂളിലെ എസ്.എസ്.എൽ.സി വിജയശതമാനം ഉയർത്തുന്നതിന് വിദ്യാർത്ഥികൾക്ക് പരിശീലനം നൽകിയതിന് 3,000/- രൂപ ചെലവഴിച്ചത്, ഹൈസ്കൂൾ ഗ്രാമപഞ്ചായത്തിന്റെ അധികാര പരിധിയിൽ വരുന്ന സ്ഥാപനമല്ലാത്തതിനാൽ ഓഡിറ്റ് നിരാകരിച്ചിരുന്നു.

ഹൈസ്കൂളുകളുടെ നടത്തിപ്പ് ജില്ലാ പഞ്ചായത്തിനാണെങ്കിലും ചോതാവൂർ ഹൈസ്കൂൾ പഞ്ചായത്തിലെ ഏക ഹൈസ്കൂൾ ആയതിനാലാണ് ഹൈസ്കൂളിന്റെ വിദ്യാഭ്യാസ നിലവാരം ഉയർത്തുന്നതിനായി സമഗ്ര വിദ്യാഭ്യാസ പദ്ധതി എന്ന പ്രോജക്ട് തയ്യാറാക്കിയതെന്നും ബന്ധപ്പെട്ട ബ്ലോക്ക് തല കമ്മിറ്റിയുടെയും ജില്ലാ ആസൂത്രണ സമിതിയുടെയും അംഗീകാരത്തോടെയാണ് നടപ്പിലാക്കിയതെന്നും ആയതിനാൽ പഠനത്തിൽ പിന്നോക്കം നിൽക്കുന്ന വിദ്യാർത്ഥികളുടെ ഉന്നമനത്തിനായി തുക ചെലവഴിച്ചതിന് സാധൂകരണം നൽകണമെന്ന 22/05/2012-ലെ ഗ്രാമപഞ്ചായത്ത് കമ്മിറ്റിയുടെ 56/12(1) നമ്പർ തീരുമാനം, പരാമർശം ഒന്ന് പ്രകാരം പഞ്ചായത്ത് ഡയറക്ടർ സർക്കാരിൽ സമർപ്പിച്ചിട്ടുണ്ട്.

ടി വിഷയം സംബന്ധിച്ച് പരാമർശം 2 പ്രകാരം ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടർ സമർപ്പിച്ച റിപ്പോർട്ടിൽ, പഞ്ചായത്തിലെ വിദ്യാർത്ഥികളുടെ വിദ്യാഭ്യാസ നിലവാരം ഉയർത്തുന്നതിനു വേണ്ടി പഞ്ചായത്ത് ചെയ്ത ഒരു പ്രവർത്തനം എന്ന നിലയിൽ, തുക ചെലവഴിച്ചതിന് ഭരണസമിതി തീരുമാനത്തിന്റെയും ഓഡിറ്റ് മോണിറ്ററിംഗ് കമ്മിറ്റി ശുപാർശയുടെയും അടിസ്ഥാനത്തിൽ സാധൂകരണം നൽകാവുന്നതാണെന്ന് അഭിപ്രായപ്പെട്ടിട്ടുണ്ട്.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ പന്ന്യന്നൂർ ഗ്രാമപഞ്ചായത്തിന്റെ 2007-08 വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 3-4 പ്രകാരം ഓഡിറ്റ് തടസ്സപ്പെടുത്തിയ ചോതാവൂർ ഹൈസ്കൂളിലെ എസ്.എസ്.എൽ.സി വിജയശതമാനം ഉയർത്തുന്നതിന് വിദ്യാർത്ഥികൾക്ക് പരിശീലനം നൽകിയതിന് 3,000/-രൂപ (മൂവായിരം രൂപ മാത്രം) ചെലവഴിച്ച ഗ്രാമപഞ്ചായത്ത് നടപടി സാധൂകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,

പി. ജയശ്രീ,
ഡെപ്യൂട്ടി സെക്രട്ടറി,

ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടർ, തിരുവനന്തപുരം
ലോക്കൽ ഫണ്ട് ഓഡിറ്റ് ഡെപ്യൂട്ടി ഡയറക്ടർ, കണ്ണൂർ
പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കണ്ണൂർ
സെക്രട്ടറി, പന്ന്യന്നൂർ ഗ്രാമപഞ്ചായത്ത്, കണ്ണൂർ
ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
സ്റ്റോക്ക് ഫയൽ, ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ